പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 71 **12-10-2026-ൽ മറുപടിയ്ക്ക്**

നവകേരള സദസ്സുമായി ബന്ധപ്പെട്ട് അമ്പൂരി ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മുൻ സർക്കാർ പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരിയിൽ ₹7 കോടി രൂപ അനുവദിച്ച അമ്പൂരി ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതിയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

മറുപടി: നവകേരള സദസ്സിൽ പാറശ്ശാല നിയോജകമണ്ഡലത്തിനായി അനുവദിച്ച 7 കോടി രൂപയുടെ "Hill Area Tourism Destination Development Project - Amboori" എന്ന പദ്ധതിക്ക് 04/11/2025 ലെ സ.ഉ(കൈ) നം. 668/2025/TSM ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന സ്ഥലങ്ങളും പ്രവൃത്തികളും: അമ്പൂരി പഞ്ചായത്തിലെ കുനിച്ചിമല, മായംകടവ്, കള്ളിക്കാട് പഞ്ചായത്തിലെ കാളിപ്പാറ, വെള്ളറട പഞ്ചായത്തിലെ പ്ലാങ്കുടിക്കാവ് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണ് അമ്പൂരി ടൂറിസം പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി M/s KIIDC-യെ നിർവ്വഹണ ഏജൻസിയായി (Executing Agency) തെരഞ്ഞെടുത്തിട്ടുണ്ട്. തുടർന്ന് M/s KIIDC ടൂറിസം വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ ഉപയോഗാനുമതിക്കായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ച് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു എന്നതാണ് നിലവിലത്തെ സ്ഥിതി.

പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി M/s KIIDC-യെ തിരഞ്ഞെടുക്കുകയും കരാർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ റവന്യൂ/ സർക്കാർ ഭൂമിയാണ്. ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി മേൽ സ്ഥലങ്ങൾ ഉൾപ്പെട്ട കള്ളിക്കാട്, വെള്ളറട, അമ്പൂരി എന്നീ വില്ലേജുകളിൽ ടൂറിസം ഡയറക്ടറുടെ പേരിൽ 50 സെന്റ് വീതം ഭൂമി ഉപയോഗാനുമതി (Land Alienation/Use

Permission) ലഭ്യമാക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ടെൻഡർ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

<u>മറുപടി:</u> പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ബഹു. പാറശ്ശാല എം.എൽ.എ.-യുടെ അധ്യക്ഷതയിൽ യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ രൂപരേഖയ്ക്ക് രൂപം നൽകുകയും, ഡി.ടി.പി.സി.-യുടെയും എംപാനൽ ചെയ്ത ആർക്കിടെക്ടിന്റെയും നേതൃത്വത്തിൽ സ്ഥലങ്ങൾ സന്ദർശിച്ച് അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ചെയ്തു.

2. വകുപ്പിലെ എൻജിനീയറിങ് വിഭാഗം 6,99,95,000/- രൂപയുടെ Detailed Estimate പരിശോധിച്ച് റിപ്പോർട്ട് നൽകുകയും, നവകേരള സദസ്സ് വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് ശേഷം സർക്കാർ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു.

3.പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി M/s KIIDC-യെ (1.91% സെന്റേജ് ചാർജിൽ) തെരഞ്ഞെടുക്കുകയും തുടർന്ന് ഏജൻസിയുമായി കരാർ ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്.

4. സ്ഥലങ്ങളുടെ ഉപയോഗാനുമതിക്കായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ച് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; പദ്ധതി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി വ്യക്തമാക്കാമോ?

<u>മറുപടി:</u> ഭൂമിയുടെ ഉപയോഗാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയായ M/s KIIDC- യുടെ നേതൃത്വത്തിൽ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതാണ്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും വിനോദ സഞ്ചാര വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

Work Components	
1	Koonichimala-Tourism Facilitation Centre
2	Koonichimala-Rain Shelter with seating
3	Koonichimala-Viewing Deck
4	Koonichimala- Proposed Walkway with Pavement & Handrail
5	Koonichimala-Gateway
6	Koonichimala- Camping Facility
7	Koonichimala- Toilet for camping
8	Koonichimala- Waste Disposal
9	Koonichimala-Waste Bins
10	Koonichimala-Street Light
11	Koonichimala-Signage
12	Koonichimala- Drinking Water
13	Koonichimala- Art Installation
14	Koonichimala-CCTV & Surveillance
15	Koonichimala-Plumbing Works
16	Koonichimala- Electrical Works
17	Plankudikavu-Rain Shelter with seating
18	Plankudikavu-Stage and Seating
19	Plankudikavu-Food Kiosk
20	Plankudikavu-Toilet Block
21	Plankudikavu-Viewing Deck
22	Plankudikavu-Walkway Pavement and Handrail
23	Plankudikavu-Camping Facility
24	Plankudikavu-Toilet for Camping
25	Plankodikavu-Gateway
26	Plankudikavu-Waste Disposal Unit
27	Plankudikavu-Waste Bins
28	Plankudikavu-Street Lights
29	Plankudikavu-Signages
30	Plankudikavu-Drinking Water
31	Plankudikavu-Art Installation
32	Plankudikavu- CCTV & Surveillance
33	Plankudikavu-Plumbing Works
34	Plankudikavu-Electrical Works
35	Kalippara-Rain Shelter with seating
36	Kalippara-Food Kiosk
37	Kalippara-Toilet Block & Viewing Deck
38	Kalippara-Base Unit
39	Kalippara-Proposed Walkway with Pavement and Handrail
40	Kalippara-Gateway
41	Kalippara-Waste Disposal Unit
42	Kalippara-Waste Bins
43	Kalippara-Street Light
44	Kalippara-Signages
45	Kalippara-Drinking Water

46	Kalippara-Art Installation
47	Kalippara-CCTV & Surveillance
48	Kalippara-Electrical Works
49	Mayamkadavu-Toilet Block
50	Mayamkadavu-Food Kiosk
51	Mayamkadavu-Boat Jetty
52	Mayamkadavu-Children's Park
53	Mayamkadavu-Street Light
54	Mayamkadavu-Gateway
55	Mayamkadavu-Signages
56	Mayamkadavu-Waste Disposal Unit
57	Mayamkadavu-Drinking Water
58	Mayamkadavu-Art Installation
59	Mayamkadavu-CCTV
60	Mayamkadavu-Plumbing Works
61	Mayamkadavu-Electrical Works

DOT/1605/2025-P6

-16-

വിശ്വസ്തതയോടെ,

Thomas Antony
DEPUTY DIRECTOR

അംഗീകാരത്തോടെ

Digitally signed by CHITRA LEKHA T
Date: 09-10-2026 15:36:11

അസ്സി. പ്ലാനിംഗ് ഓഫീസർ

Generated from eOffice by Amal S P, P 6 DOT., P6 DOT, DIRECTORATE OF TOURISM on 09/10/2026 03:40 PM

Generated from eOffice by Amal S P, P 6 DOT., P6 DOT, DIRECTORATE OF TOURISM on 09/10/2026 03:40 PM